**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2845** **12-07-2022 - ൽ മറുപടിയ്ക്ക്**

**കടലുണ്ടിപ്പുഴയുടെയും വിവിധ തോടുകളുടെയും സംരക്ഷണ ഭിത്തി നിർമാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കടലുണ്ടി പുഴയുടെയും വിവിധ തോടുകളുടെയും സംരക്ഷണ ഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് മലപ്പുറം മണ്ഡലത്തിൽ നിന്ന് 2020, 2021 വർഷങ്ങളിൽ സമർപ്പിച്ച 20 പ്രപ്പോസലുകളിൽ നാളിതുവരെ എത്രയെണ്ണത്തിന് ഭരണാനുമതി നൽകി; വ്യക്തമാക്കുമോ; | (എ) | കടലുണ്ടിപ്പുഴയുടെയും വിവിധ തോടുകളുടെയും സംരക്ഷണ ഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (ബി) | അവ ഏതെല്ലാമെന്നും അനുവദിച്ച തുക എത്രയെന്നും വിശദമാക്കാമോ; ഓരോന്നിന്റെയും പ്രവർത്തനപുരോഗതി വിശദീകരിക്കാമോ; | (ബി) | കടലുണ്ടിപ്പുഴയുടെയും വിവിധ തോടുകളുടെയും സംരക്ഷണ ഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (സി) | പാണക്കാട് ആറുവെട്ടി കടവ്, മലപ്പുറം താമരക്കുഴി, ആനക്കയം പുത്തൻതോട്, പൂക്കോട്ടൂർ പാലക്കച്ചിറ എന്നിവിടങ്ങളിലെ അപകടാവസ്ഥയിലുള്ള കരകളിൽ സംരക്ഷണഭിത്തി നിർമ്മിക്കുവാനുള്ള പ്രൊപ്പോസലുകൾക്ക് എത്രയും വേഗം ഭരണാനുമതി നൽകുമോ; വ്യക്തമാക്കുമോ? | (സി) | പാണക്കാട് ആറുവെട്ടി കടവ് , മലപ്പുറം താമരക്കുഴി, ആനക്കയം പുത്തൻതോട്, പൂരക്കാട്ടൂർ പാലക്കച്ചിറ എന്നിവിടങ്ങളിലെ അപകടാവസ്ഥയിലുള്ള കരകളിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായുള്ള 5 പ്രവൃത്തികൾ പരിഗണനയിലുണ്ട്. ആയതിൽ "മലപ്പുറം മുനിസിപ്പാലിറ്റിയിൽ വാർഡ് 15 ൽ വിട് നമ്പർ 15/1065, 15/1062 ബി, 15/1062 സി താമരക്കുഴിയിൽ കടലുണ്ടിപ്പുഴയുടെ വലത് കര സംരക്ഷണം.” എന്ന പ്രവൃത്തി RMF fundആയതിനാൽ ജില്ലാ കളക്ടർ ആണ് ഫണ്ട് അനുവദിക്കുന്നത്. ബാക്കി പ്രവൃത്തികൾക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| | **മേജർ ഇറിഗേഷൻ** പ്രവർത്തികൾ | | |
| 1 | കോഡൂർ പഞ്ചായത്തിൽ മങ്ങാട്ടുപുലം ജുമാ മസ്ജിദിന് സമീപം കടലുണ്ടി പുഴയുടെ ഇടത് കര സംരക്ഷണം. | 14.00 | പ്രവൃത്തി പൂർത്തികരിച്ചു. |
| 2 | കോഡൂർ പഞ്ചായത്തിൽ കോങ്കയം ജുമാ മസ്ജിദിനു സമീപം കടലുണ്ടി പുഴയുടെ ഇടത് കര സംരക്ഷണം | 35.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | ആനക്കയം പഞ്ചായത്തിൽ പനമ്പറ്റ പാലത്തിന് താഴ്ഭാഗത്ത് പുളിയേങ്ങലിൽ കടലുണ്ടിപ്പുഴയുടെ ഇടത് കര സംരക്ഷണം. | 21.40 | പ്രവൃത്തി പൂർത്തീകരിച്ചു |
| | **മൈനർ ഇറിഗേഷൻ** പ്രവർത്തികൾ | | |
| 1 | കോഡൂർ ഗ്രാമ പഞ്ചായത്ത് കിളിയമണ്ണിൽ തോടിന്റെ പാർശ്വഭിത്തി സംരക്ഷണം | 14.6 | പ്രവൃത്തി സ്ഥലം കൈമാറി |
| 2 | പൂൽപ്പറ്റ പഞ്ചായത്തിലെ മോങ്ങം ചെറുവത്തൂർ തോടിന് കോഴിത്താഴ്-മണ്ണിങ്ങൽ ചോല കുണ്ട് ഭാഗത്ത് വി.സി.ബി.യും തോടിന് പാർശ്വഭിത്തി സംരക്ഷണവും | 18.304 (ബിൽ തുക) | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | പൂൽപ്പറ്റ പഞ്ചായത്തിലെ തൃപ്പനച്ചിയിൽ കുടമൂച്ചി തോടിന് പാർശ്വഭിത്തി നിർമ്മാണം | 4.451 (ബിൽ തുക) | പ്രവൃത്തി പൂർത്തീകരിച്ചു |

സെക്ഷൻ ഓഫീസർ